# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.646 — 29/10/2019-ൽ മറുപടിക്ക്

## കോട്ടയം ലൈൻസ് പാക്കേജ് കരാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ഡി.സതീശൻ**<br>**,, വി.ടി.ബൽറാം**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, അനിൽ അക്കര** | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോട്ടയം ലൈൻസ് പാക്കേജ്, എസ്റ്റിമേറ്റ് തുകയുടെ 61 ശതമാനം അധിക തുകയ്ക്ക് ഒരു സ്വകാര്യ കമ്പനിക്ക് കരാർ നൽകിയതിന്റെ കാരണം വിശദമാക്കാമോ ; | (എ) സംസ്ഥാനത്തിന്റെ പ്രസരണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കെ.എസ്.ഇ.ബി ലിമിറ്റഡ് നടപ്പിലാക്കുന്ന പ്രസരണ ശൃംഖലാവികസന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഈ പദ്ധതിയിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളെ പൊതു സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ സബ് സ്റ്റേഷൻ പാക്കേജുകൾ, ലൈൻ പാക്കേജുകൾ എന്നിങ്ങനെ വിവിധ പാക്കേജുകളിലായി തിരിച്ച് പാക്കേജ് അടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തികളുടെ കരാറുകൾ നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇപ്രകാരം ആവിഷ്കരിച്ച പ്രസരണ ലൈൻ നിർമ്മാണ പദ്ധതിയാണ് കോട്ടയം ലൈൻ പാക്കേജ്.<br>നടപടികൾ കൂടുതൽ സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെയും കോലത്തുനാട് ലൈൻ പാക്കേജിന്റെ ദർഘാസ് നടപടികൾ കേന്ദ്ര സർക്കാർ ഏജൻസിയായ PFC Consulting Pvt Limited നെ ബിഡ് പ്രോസ്സസ്സ് കോർഡിനേറ്റർ എന്ന നിലയിൽ ഏൽപ്പിക്കുവാൻ വൈദ്യുതി ബോർഡ് തീരുമാനിക്കുകയുണ്ടായി. e-ഓപ്പൺ ടെണ്ടർ രീതിയിൽ ഐറ്റം റേറ്റുകൾ വെളിപ്പെടുത്താതെ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചതിനുശേഷം e-റിവേഴ്സ് auction നും നടത്തി ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്യുന്ന കമ്പനിക്ക് പ്രവൃത്തിയുടെ കരാർ നൽകുന്ന രീതിയിലാണ് ദർഘാസ് നടപടികൾ ക്രമീകരിച്ചിരിക്കുന്നത്. ഇപ്രകാരം കോട്ടയം ലൈൻ പാക്കേജിന്റെ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കമ്പനിക്ക് കരാർ നൽകുന്നതിനുള്ള ശുപാർശ ദർഘാസിന് |

| | | | |
|---|---|---|---|
| | | | ച്ചമതലപ്പെടുത്തിയിരുന്ന PFC Consulting Pvt Limited വൈദ്യുതി ബോർഡിന് നൽകിയിരുന്നു. ബിഡ് പ്രോസ്സസ്സ് കോർഡിനേറ്റർ ശുപാർശ ചെയ്ത തുകയിന്മേൽ വൈദ്യുതി ബോർഡ് വീണ്ടും negotiation നടത്തിയതനുസരിച്ച് കമ്പനി തുക വീണ്ടും കുറയ്ക്കാൻ തയ്യാറായി. ഇപ്രകാരം ഏറ്റവും കുറച്ച് നൽകിയ തുകയ്ക്കാണ് വൈദ്യുതി ബോർഡിന്റെ ഉന്നതാധികാര സമിതി (കേരള ഗവൺമെന്റ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ്) വിശദമായ ചർച്ചകൾക്കും കമ്പോള നിരക്കുകളുമായുള്ള താരതമ്യങ്ങൾക്കുശേഷം കരാർ നൽകിയിട്ടുള്ളത്.<br>പ്രസരണ ലൈനുകളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 2013 ൽ വൈദ്യുതി ബോർഡ് അംഗീകരിച്ചിട്ടുള്ള Cost data യിൽ അതാത് സമയത്ത് നിലവിലുള്ള DSR നിരക്കുകളും അതിന്മേൽ അതാത് ജില്ലകൾക്ക് ബാധകമായ Cost index ഉം ചേർത്താണ്. സമീപകാലത്ത് നൽകിയിട്ടുള്ള പ്രസരണ ലൈൻ നിർമ്മാണ കരാറുകളെല്ലാം തന്നെ എസ്റ്റിമേറ്റ് തുകയിൽ നിന്നും ശരാശരി 40-50% വരെ ഉയർന്ന നിരക്കിലാണ് നൽകിയിട്ടുള്ളത്. എന്നാൽ, സാധാരണ കരാറുകളെ അപേക്ഷിച്ച് കൂടുതൽ ദീർഘമായ കാലയളവ് (ഒന്നു മുതൽ രണ്ടു വരെ വർഷങ്ങൾക്കു പകരം ഏഴ് കൊല്ലം വരെ) വാറണ്ടി പീരിയഡ് ആവശ്യപ്പെട്ടതിനാലും പേയ്മെന്റ് കണ്ടീഷനിൽ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചതിനാലും ചതിപ്പ് നിലങ്ങളും കായലും ഉൾപ്പെടുന്ന പ്രദേശങ്ങൾ ആയതിനാലും കോട്ടയം പാക്കേജിന് നൽകിയ കരാർ ഒട്ടും കൂടുതലല്ല.<br>കോട്ടയം പാക്കേജിന്റെ കരാർ ഉറപ്പിച്ചതും മേൽവിവരിച്ച പ്രകാരം വിശദമായ പരിശോധനകൾക്കും വിവിധ തരത്തിലുള്ള താരതമ്യത്തിനുംശേഷം കരാർ തുക ന്യായമാണെന്ന് ഡയറക്ടർ ബോർഡുതലത്തിൽ ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ്. |
| (ബി) | മത്സരാധിഷ്ഠിത ടെൻഡറുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ പാലിച്ചു കൊണ്ടാണോ പ്രസ്തുത പാക്കേജിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | മത്സരാധിഷ്ഠിത ടെൻഡറുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ പാലിച്ചു കൊണ്ടു തന്നെയാണ് പ്രസ്തുത പാക്കേജിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിരിക്കുന്നത്. |
| (സി) | പ്രസ്തുത പാക്കേജിന്റെ നടത്തിപ്പിനായുള്ള ടെൻഡർ നടപടികളിൽ | (സി) | M/s.L&T India ltd, M/s. Sterlite Power Transmission Ltd, M/s. Transrail Lighting Ltd |

| | | | |
|---|---|---|---|
| | ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തിരുന്നത് എന്ന് വ്യക്തമാക്കാമോ; | | എന്നീ കമ്പനികളാണ് പ്രസ്തുത പാക്കേജിന്റെ ടെൻഡറിൽ പങ്കെടുത്തിട്ടുള്ളത്. |
| (ഡി) | ടെൻഡറിൽ പങ്കെടുത്ത ഏതു കമ്പനിക്കാണ് കരാർ നൽകിയത് എന്ന് വിശദമാക്കാമോ; പ്രസ്തുത കമ്പനിക്ക് കരാർ നൽകാനുള്ള കാരണങ്ങൾ വിശദമാക്കാമോ? | (ഡി) | L&T India Ltd. നാണ് കരാർ നൽകിയത്. Item rate - ൽ ടെൻഡർ ചെയ്ത പ്രസ്തുത ജോലി എല്ലാ നിയമങ്ങളും പാലിച്ച്, ഇ.- റിവേഴ്സ് ഓക്ഷൻ വഴി ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കമ്പനിയ്ക്കാണ് കരാർ നൽകിയത്. |

സെക്ഷൻ ഓഫീസർ